# PETALS
## of Malankara




**714+**
Crore Business

**70300+**
Happy Members

**22600+**
Depositors

**58200+**
Loanees

*Women's day Special*

PETALS

Vol:27 | Issue : March 2024

PETALS of Malankara

# MALANKARA CREDIT SOCIETY LTD

LIBERTY THROUGH CO OPERATION

REGD. OFFICE: 4th FLOOR, WEST FORT TOWER, WEST FORT JN.,THRISSUR, KERALA-680004
REG. NO. MSCS/CR/297/2008
MALANKARA MULTI STATE CO-OPERATIVE CREDIT SOCIETY LIMITED
*Registered Under*
MINISTRY OF CO-OPERATION, GOVT. OF INDIA

www.mmsccs.com | info@mmsccs.com | Toll-free: 1800 313 1223

(Dr. BOBY CHEMMANUR)
812 Km. Run Unique World Record & Guinness Record Holder : World Peace
Social Worker | Sportsman | Businessman | Motivator | Entertainer
Boby Group

## Objectives:

TO
- Instil a sense of belonging and involvement
- Appreciate and upload the achievements
- Act as a communication medium
- Increase the professional competence

Corporate Monthly E-Magazine of
**Malankara Credit Society**

Printed and Published by:
**Mr.Jisso Baby**
Chairman

**Editorial Board**
**Chief Editor**
**Mrs.Mariyama Pious**
Vice Chairman

**Members**
**Jose ML**
**Christo Johny**
**Aiswarya Sanesh**
**Printo CJ**
**Helen Henry**
**Vishnu Prakash**

**Design & Layout**
**Domson Simon**



**JISSO BABY**
CHAIRMAN

ലോകത്തിലെ ആയിരക്കണക്കിന്, ലക്ഷക്കണക്കിന്, കോടിക്കണക്കിന് ജനങ്ങൾക്ക് ഒരു നന്മയെങ്കിലും ചെയ്യുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുക

സ്വപ്നം കാണുകയും അതിൽ വിശ്വസിക്കുകയും അത് യാഥാർത്ഥ്യമാക്കാൻ പ്രവർത്തിക്കുകയും ചെയ്യുന്ന എല്ലാ സ്ത്രീകൾക്കും
വനിതാ ദിനാശംസകൾ...

*Celebrate the strength and beauty of womanhood!*
*Happy Women's Day*



**MARIYAMA PIOUS**
VICE CHAIRMAN



LISNA
ASST. MANAGER CREDIT

# അവളും പറക്കട്ടെ വാനോളം!!!

# അന്താരാഷ്ട്ര വനിതാദിനം



1857 മാർച്ച് 8 ന് ന്യൂയോർക്കിലെ വനിതകൾ നടത്തിയ സമരവും പ്രക്ഷോഭവുമാണ് ആണ് വനിതാദിനത്തിന് തുടക്കമായത്. തുണി മില്ലുകളിൽ ജോലി ചെയ്തിരുന്ന ആയിരക്കണക്കിന് സ്ത്രീകൾ സംഘടിച്ച് കുറഞ്ഞ ശമ്പളത്തിനെതിരായും ദീർഘസ മയത്തെ ജോലി ഒഴിവാക്കാനും മുതലാളിത്തത്തിനെതിരെ വോട്ട് ചെയ്യാനുള്ള അവകാശത്തിന് വേണ്ടിയും ആദ്യമായി സ്വരമുയർത്തിയപ്പോൾ അത് ചരിത്രത്തിന്റെ ഭാഗമായി മാറുകയായിരുന്നു. ആ സമരം ലോകത്തിലെ വിവിധ ഭാഗങ്ങളിലേക്ക് വ്യാപിക്കാൻ അധിക സമയം വേണ്ടിവന്നില്ല. പിന്നീട് 1975നാണ് മാർച്ച് 8 അന്താരാഷ്ട്ര വനിതാ ദിനമായി പ്രഖ്യാപിച്ചത്.


അരനൂറ്റാണ്ട് അടുക്കുമ്പോഴും സമൂഹത്തിലെ സ്ത്രീപുരുഷ അസമത്വം അവസാ നിച്ചിട്ടില്ല. ശൈശവ വിവാഹം, ബാലപീഡനം, സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ, ഗാർഹിക പീഡനം അങ്ങനെ തുടങ്ങി നിരവധി പ്രശ്നങ്ങൾ വനിതകൾ നേരിടുന്നുണ്ട്. വിദ്യാഭ്യാസ നിലവാരത്തിലും സാമ്പത്തികകാര്യത്തിലും സ്ത്രീകൾ ഒരുപാട് മുന്നോട്ട് വരുന്നുണ്ടെങ്കിലും ഇവർ സ്വന്തം വീട്ടിൽ പോലും സുരക്ഷിതരല്ല എന്ന റിപ്പോർട്ട് ഞെട്ടിക്കുന്നതാണ്. ശാരീരികവും മാനസികവും സാമ്പത്തികവുമായ നിരവധി ചൂഷണങ്ങൾക്ക് ഇന്നും ഇവർ ഇരയായി വരികയാണ്. ഇത്തരം ചൂഷണങ്ങൾക്ക് സ്ത്രീകൾ മുതൽ പിഞ്ചു കുട്ടികൾ വരെ ഇരകളാണ്. സ്ത്രീധനത്തെ ദാമ്പത്യത്തിന്റെ ആധാരശിലയാക്കുന്ന സ്ത്രീവിരുദ്ധത ഇപ്പോഴും നിലനിൽക്കുന്നു. സ്ത്രീധനത്തിന്റെ പേരിലുള്ള പീഡനങ്ങൾ ഇന്ന് വനിതകൾ നേരിടുന്ന നീറുന്ന പ്രശ്നം തന്നെയാണെന്ന് പറയാതെ വയ്യ.

സ്ത്രീകൾക്ക് വേണ്ടത് അവകാശങ്ങളല്ല സുരക്ഷയാണ്. പുറത്തുപോയാൽ വീട്ടിൽ സുരക്ഷിതയായി തിരിച്ചെത്തും എന്നുള്ള ഉറപ്പ്. ജോലിസ്ഥലത്ത് അവൾ സുരക്ഷിതയാണെന്നുള്ള ഉറപ്പ്. പൊതുയിടങ്ങളിൽ ഞാൻ ഭയപ്പെടേണ്ടതില്ല എന്ന് ഉറപ്പ്. ചങ്കു പൊള്ളിക്കുന്ന വാർത്തകൾ അവളെ തേടിയെത്തില്ല എന്നുള്ള ഉറപ്പ്. ഉന്നാവും ഡൽഹിയും ഹൈദരാബാദും അങ്ങ് ദൂരത്തല്ല. വിടരും മുമ്പേ കൊഴിഞ്ഞുവീണ അല്ലെങ്കിൽ അടർത്തിക്കളഞ്ഞ, ക്രൂരപീഡനത്തിനിരയായി കൊല്ലപ്പെട്ട ചാന്ദിനി എന്ന അഞ്ചുവയസ്സുകാരി മുതൽ രണ്ടു ദിവസം കേരളത്തെ മുൾമുനയിൽ നിർത്തിയ, പീഡനത്തിനായി തട്ടിക്കൊണ്ടുപോയി ഉപേക്ഷിച്ച നിലയിൽ കണ്ടെത്തിയ രണ്ടു വയസ്സുകാരി വരെ സ്ത്രീ പീഡനത്തിന്റെ ഇരകളാണ്.

ഫെമിനിസം പ്രസംഗിക്കുന്ന ആക്റ്റിവിസ്റ്റുകളെയോ സെലിബ്രിറ്റികളെയോ അല്ല സമൂഹത്തിന് വേണ്ടത്. അക്രമങ്ങളോ അനിഷ്ട സംഭവങ്ങളോ ഉണ്ടാകു മ്പോൾ അവയെ ചെറുക്കാനും പ്രതികരിക്കാനും കരുത്തുള്ള, നട്ടെല്ലുള്ള പ്രതിനിധികളെയാണ്. സ്ത്രീ പുരുഷസമത്വം എന്നതിനപ്പുറം സ്ത്രീകൾ, അവർ സഹോദരിയും അമ്മയും ഭാര്യയും മകളും എല്ലാമാണെന്ന തിരിച്ചറിവ് നമ്മുടെ ആൺകുട്ടികൾക്ക് ചെറുപ്പം മുതൽ പകർന്നുകൊടുക്കാൻ നമുക്ക് സാധിക്കണം. സ്ത്രീയെ ബഹുമാനിക്കാനും സ്നേഹിക്കാനും അവരെ സംരക്ഷിക്കാനും അവരെ പഠിപ്പിക്കണം.

പുരുഷനൊപ്പം നിയമത്തിന്റെയും സമൂഹത്തിന്റെയും എല്ലാ പരിഗണനകളും തേടുന്നവരായി വനിതകൾ ഉയരട്ടെ, അതിരുകളില്ലാതെ സ്വപ്നം കാണാനും വിലക്കുകളുടെ ചരടുകൾ പൊട്ടിച്ച് പാറിനടക്കാനും വനിതകൾക്കാകട്ടെ.


'നിശബ്ദരാക്കപ്പെടുമ്പോൾ മാത്രമാണ് ശബ്ദങ്ങളുടെ പ്രാധാന്യം നാം തിരിച്ചറിയുന്നത്'
മലാല യൂസഫ്.




SINSHA RUDRA
EXECUTIVE - OPERATIONS

## മരണം

മരണത്തിന് രൂപമില്ല, ഭാഷയില്ല, നിറമില്ല. നിനച്ചിരിക്കാത്ത നേരത്ത് പ്രതീക്ഷിക്കാതെ വരുന്ന അതിഥിയെപ്പോലെ അത് കടന്ന് വരും. വർഷങ്ങളായി കാത്തിരുന്നു കിട്ടിയ കൺമണിയെ കാണാനായി യുദ്ധഭൂമിയിൽ നിന്നും എത്തിയത് അവൻറെ ജീവനയറ്റ ശരീരം മാത്രം. അവൻ നെയ്തെടുത്ത സ്വപ്നങ്ങളെല്ലാം ഒറ്റ നിമിഷത്തിൽ നിലം പതിച്ചു. എന്തെല്ലാം മോഹങ്ങളാണല്ലേ അവനുണ്ടായിരിക്കുക. ഒരു നൂറായിരം പ്രതീക്ഷകൾ. പക്ഷേ കാലം ഒന്നും അനുവദിച്ചില്ല. അവന്റെ സ്വപ്നങ്ങളും അവനോടൊപ്പം മണ്ണിൽ അലിഞ്ഞു ചേർന്നു. ചിതലരിച്ച സ്വപ്നവും പേറി അവൻ ആ മണ്ണിന് സ്വന്തമായി.





RADHIKA M
OTTAPALAM CFC, CRE

## TOP PERFORMERS AM (ASSIST TO MEMBER)




SARITHA
10 LAKHS




RAKESH BALAKRISHNAN
10 LAKHS




THANKACHEN P
6.5 LAKHS




PAVITHRAN M
6 LAKHS



RANIKRISHNA C.G
TRIVANDRUM

# ഹൃദയതാളം

എൻ മൂകതന്ത്രികൾ മന്ത്രിക്കുന്നു നിശബ്ദമായിന്നെൻ

പ്രിയതമയ്ക്കായ് ഒരേകാന്ത താളം.....

നിലയ്ക്കുന്നില്ല തോഴി നിനക്കായ് ഞാൻ മീട്ടിയ ഈണങ്ങളൊക്കെയും

ഇന്നീ നിശബ്ദവീണയിൽ ഞാൻ കോറിയിട്ടൊരീ രാഗങ്ങളേറെയും

യൗവനം ചോര ചിന്തിയോരീ ക്യാമ്പസ് ഇടനാഴികളിൽ

പ്രണയം പൂത്തുലഞ്ഞൊരാ ഇലഞ്ഞി മരത്തണലോരങ്ങളിൽ

നിൻറെ നനുത്ത സാമീപ്യം ഏറെ കൊതിച്ചൊരാ വേളയിൽ

പൂത്തു തളിർത്തു നീയെന്നിൻ പ്രണയത്തിൻ നീലക്കുറിഞ്ഞിയായ് ....

ഒരു കുളിരായ് ഇളം തെന്നലായ് നീയെന്നിൽ പടർന്നനേരം

വരണമാല്യം ചാർത്തി നിന്നെ ഞാനെൻ ഹൃദയതാളമാക്കി

ഒരിക്കലും ശ്രുതിതെറ്റാത്തൊരീ ജീവിതം എനിക്കേകിയൊരാ ദൈവമേ.....

ഒടുവിലായാ നിശബ്ദതാളം എന്തിനെൻ പ്രിയതമയ്ക്കേകി നീ......

ഏറെയോമനിച്ചു നെഞ്ചിൻ ചൂടേകി താലോലിച്ചൊരെൻ്റെയാ പിഞ്ചോമന

ഇന്നും പിച്ചവയ്ക്കുന്നെന്റെ ഹൃദയമാം അനന്തവിഹായസ്സിൽ.....

അമ്മിഞ്ഞ പാലിൻ ഗന്ധം മാറും മുമ്പേ ഏറെ കൊതിപ്പിച്ചിഴെന്തിനെൻ

കരളിൽ നിന്നും അടർത്തിയെടുത്തു നീ ആ തരിരിളം മുകുളത്തെ.....

പ്രാണ പ്രിയയെ ഒടുവിലായി ഉപേക്ഷിച്ചു ദേഹിയെ പൊടിഞ്ഞു ഞാൻ

യാത്രയാകുമ്പോൾ

ബാക്കിയാകുന്നെൻ ഒരായിരം സ്വപ്നമാം പൂക്കളും അവയിലെ താളവും





DILSHA KS
CRE MANJERI CFC

അറിയാതെ എന്നോ നീയെൻ പ്രാണനിൽ അലിഞ്ഞു പോയി...
അരികെ നീയുണ്ടെങ്കിൽ ഞാനൊരു പൂവായി തീരും....
ഒരു വായ് നീയെൻ ചാരെ എത്തീടുകിൽ...
ഒരു വസന്തം ഞാൻ നിനക്കായ് നൽകീടാം...

നിൻ മിഴികൾതൻ അധീനതയിൽ എൻ മനം നീഹാരമായ്
പൊഴിഞ്ഞു...
നിൻ തീഷ്ണമാം മിഴിയിണകളെ നേരിടാനാവുന്നില്ലെനിക്ക്....
എൻ ചിത്തമാം ആരാമത്തിൽ അനുരാഗത്തിൻ മധു തേടി
വന്നവനേ..
നീയെന്നിൽ സൗരഭ്യം പരത്തി
യിന്നെൻ ഗണത്തെ ചുമപ്പിച്ചു...

ഉറക്കമില്ലാത്ത രാത്രികളിൽ മൗനമാകുന്ന കഥകൾ ചൊല്ലി
നിൻ ഹൃദയതാളമാകുന്ന ഈണം കേട്ട്....
നിൻ കരവലയത്തിൽ മയങ്ങാൻ ആശ....

നിൻ വിളികൾക്കായ് കാതോർത്ത് നിന്റെ മടിത്തട്ടിലെ കുഞ്ഞായ്....
നിൻ അനുരാഗ കടലിൽ മുങ്ങിത്താഴാൻ ആശ....

എന്നാശകൾ അനാരതം അനശ്വരമല്ലെന്നറിയാം....
എങ്കിലും, നീയില്ലാ നിമിഷമോരൊന്നും എനിക്ക് യുഗങ്ങൾ തന്നെ
അകലരുത് എന്നിൽ നിന്നും....

നീയെൻ ചാരെ ഇല്ലായെങ്കിൽ വെറുമൊരു
തളിരറ്റ ഇലയായ് കൊഴിഞ്ഞേക്കാം....
അഴലിന്റെ ആഴങ്ങളിൽ നിന്നുമെന്നെ മോചിപ്പിച്ചീടുക...

തുലാമഴയും മകരമഞ്ഞും ഒന്നായ് വരവേൽക്കാം...
നീയാകുന്ന ഹാരം എന്നിൽ ചേർന്നിരിക്കുന്നു...


വിധിയേ നീ മാറി നിൽ...

കാലമേ നീ തോറ്റുപോ..
പ്രണയമേ നീ വിജയിച്ചീടുക

# ARTS




MEENAKSHI ANOOP
THRISSUR





KRISHNATHEERTHA P S
THRISSUR





VINAYA E S
EXECUTIVE- TRAINEE HR

MANEESHA.VS
EXECUTIVE TWO WHEELER LOAN
NORTH PARAVUR CFC

# വേനൽ മഴ

ആകാശത്തേരിൽ  ആയിരം മഴമേഘങ്ങൾ
വന്നുമൂടിയീ ഭൂമിയെ അന്ധകാരത്താൽ
വേനൽ ദാഹത്താൽ വലയുമീ ഭൂമിയിൽ
ഉതിർന്നു വീണ പളുങ്കു മണികൾ
ആദ്യ മഴത്തുള്ളി തൻ സ്പർശത്താൽ
കോരിത്തരിച്ചു  ഈ ഭൂമി പുളകിതയായ്
ആനന്ദ നൃത്തമാടിടുന്നു പുൽപടർപ്പുകൾ
കളകൂജനം മുഴക്കുന്നു കിളികുലങ്ങൾ
എങ്ങുമൊരാനന്ദത്തിൽ പൊൻ പ്രഭ
തൂകി കടന്നു വന്നാ പളുങ്കു മണികൾ
പെട്ടന്നതിൽ രൂപം മാറി
രൗദ്ര ഭാവത്താൽ ഭൂമിയെ നടുക്കിടുന്നു
പേമാരിയായി ആർത്തടിച്ചീടവേ

കവർന്നിടുന്നു ആയിരം ജന്മങ്ങൾ
മുഴങ്ങുന്നിതാ ഇടിയൊച്ചകൾ
തീവ്രമാരിതൻ സംഹാര താണ്ഡവം
ഇവ മൊഴിഞ്ഞിടുന്നു നാം മനുഷ്യരോട്
മതിയാക്കു നിൻ നീചപ്രവൃത്തികൾ
ഓരോരോ മരങ്ങളായ് നീ പിഴുതെറിയുന്നു
ഭൂമിതൻ മാറിടം വിങ്ങിടുന്നു.

തെളിനീർ തടാകങ്ങൾ പുഴകളും കായലും
നീ ഒരു മാലിന്യ നിക്ഷേപകേന്ദ്രമാക്കി
തെളിനീരില്ല, മണ്ണില്ല, വായുവില്ല
മാലിന്യമില്ലാത്തതൊന്നുമില്ല
ഇനിയൊരു തലമുറയ്ക്കായ് കരുതാൻ
പ്രാകൃതിയാം അമ്മയിൽ ഒന്നുമില്ല
എന്തിനു നീ ചെയ്വതീ പാപങ്ങൾ
ധരണിയാം അമ്മയെ ഹനിച്ചിടാനോ?
തുടരുവാൻ അനുവദിക്കില്ല ഞാനീ
കാൺ തുറക്കോ കാണുന്ന തിന്മകൾ



**SRUTHI N**
**EXECUTIVE**
**CHAVAKAD CFC**

# സ്ത്രീ

**വിദ്യ വീണ്ടും വീണ്ടും നാളത്തെ ട്രെയിൻ സമയം നോക്കി, ചെറിയ ബാഗിൽ അലക്ഷ്യമായി വാരിവച്ച തന്റെ വസ്ത്രങ്ങൾ തന്റെ തന്നെ ആണോ എന്നും വീണ്ടും നോക്കി, അവൾ ആദ്യമേ അങ്ങനെ ആണ് പുറമെ എത്ര വേഷം കെട്ടിയാലും ഉള്ളിൽ സംശയ കെട്ട് പൊട്ടിക്കും, താൻ എങ്ങനെ ഇങ്ങനെ ആയി വിദ്യ സ്വയം ചോദിച്ചു, എല്ലാം ശെരി ആണെന്ന തോന്നലോ, അതോ തെറ്റുകൾ കൂടി പോയി എന്ന തോന്നൽ ആണോ? തെറ്റുകൾ കൂടി പോയി എന്ന ചിന്ത അതിരുകടന്നു. അവൾ കട്ടിലിൽ കിടന്ന തലയിണ തന്റെ ശരീരത്തിലേയ്ക്ക് തിരുകി ചേർത്ത് കുറേ കരഞ്ഞു.**

**കൂട്ടുകാരിയെ ഒന്ന് രണ്ടു വട്ടം ഫോണിൽ വിളിച്ചെങ്കിലും അവളുടെ മനസിൽ വിങ്ങി പൊട്ടുന്നതൊന്നും പറയാൻ കഴിഞ്ഞില്ല, പക്ഷെ തന്റെ ശബ്ദത്തിലെ വെതിയാനങ്ങൾ തിരിച്ചറിയാൻ ആത്മ സുഹൃത്തിനു നിമിഷങ്ങൾ വേണ്ടി വന്നില്ലയെങ്കിലും വൈദേഹി വിദ്യയോട് അപ്പോൾ ഒന്നും ചോദിച്ചില്ല.**

**വിദ്യയും വൈദ്ദേഹിയും എന്റെ അടുത്ത കൂട്ടുകാരികളാണ്, അവരുടെ സൗഹൃദത്തെ കുറിച്ചും വിദ്യയ്ക്കുണ്ടായ ഒരു ദുരനുഭവത്തെ കുറിച്ച് പറയുവാനാണ് ഞാൻ എഴുതി തുടങ്ങിയത്, പക്ഷെ അഞ്ചോ ആറോ പേജുകളിലാക്കി ഒരു ചെറുകഥ എങ്ങനെ എഴുതാം എന്നു നോക്കിയിട്ട് എവിടെ തുടങ്ങി എവിടെ അവസാനിപ്പിക്കാനാണ് ഒരു പിടിയും കിട്ടുന്നേയില്ല, അവളെ കുറിച്ച് പറഞ്ഞു തുടങ്ങി. അതെങ്ങനെ അപ്പൊ പിന്നെ മാതാപിതാക്കളെയും അവളെ ചുറ്റി പറ്റി ഒത്തിരികാര്യങ്ങൾ പറയുക അല്ലാതെ മറ്റു നിർവാഹം ഒന്നുമില്ല. 40 കളിലേയ്ക്ക് കടന്നു തുടങ്ങുന്ന ഒരു സ്ത്രീയുടെ തുടക്കം എപ്പോഴും ജനിച്ചു വളർന്നവീടും നാടും ഒക്കെ ആണ്. പിന്നെ പറിച്ചു നടപ്പെട്ട ഭർത്താവിന്റെ വീടും സ്ഥലവും നാട്ടിൻ പുറത്തുനിന്നും നഗരത്തിന്റെ തിരക്കിൽ വന്നുപെട്ട വിദ്യയ്ക്കു ഇണങ്ങി ചെരേണ്ടി വന്നത് കുടുംബാന്തരീക്ഷം മാത്രംമല്ല, സ്വന്തം തനിമയിൽ ചിരിക്കാനുള്ള അവകാശം പോലും നഷ്ടമായി. കെട്ട്പാടുകളിൽപ്പെട്ടു നട്ടം ചുറ്റിയ അവൾക്കു ഇതുവരെ സ്വന്തമായൊരു ശൈലി സ്വായത്വമാക്കാൻ പിന്നീട് കഴിഞ്ഞില്ല എന്നുള്ളതും സത്യം ആണ്.**

**ഇപ്പോഴും എവിടെ നിന്നു തുടങ്ങും എന്നറിയില്ല, പറഞ്ഞു തുടങ്ങിയാൽ 40 വയസ്സിനുള്ളിൽ ഒരു സ്ത്രീ എന്തെല്ലാം എങ്ങനെയെല്ലാം ആയി എന്നു എഴുതി പിടിപ്പിക്കുക ചെറിയ കാര്യം അല്ല എന്നു മനസിലായി.**

**ഒരിക്കലും പുറമെ നിന്നു ഒരാവരണം തീർത്തു  മനസിലാക്കി കഴിഞ്ഞു എന്ന മിഥ്യ ധാരണയിൽ ഒന്നും തുടങ്ങുവാനോ അവസാനിപ്പിക്കുവാനോ കഴിയുന്നതല്ല സ്ത്രീ എന്നു ഞാൻ ഇപ്പോൾ ഉൾകൊള്ളുന്നു. ലെഞ്ജയോടെ ഞാൻ ഈ ധൗത്യത്തിൽ നിന്നും പിന്മാറുന്നു, അതെ വഴിയുള്ളൂ എന്നു മനസിലാക്കി സങ്കടത്തോടെ ക്ഷമ പറയുന്നു, കുറച്ചു കൂടി ആഴത്തിൽ മനസിലാക്കി ഞാൻ വീണ്ടും വരും, സ്ത്രീ വെറും പാഠം മാത്രംമല്ല...**

**RESMI**
**TRIVANDRUM**





SANVI RAVINDRAN
VARAVOOR



SWAPNA KR
ATHOLI KOZHIKODE




ആരോഗ്യരംഗം

# പഞ്ചസാരയിൽ ഒളിഞ്ഞിരിക്കുന്ന അപകടങ്ങൾ



പഞ്ചസാര ഹൃദ്രോഗം ഉണ്ടാകാൻ കാരണമാകുന്നു.

പല്ലുകളെ ദ്രവിപ്പിക്കുന്നു.

കാൻസറിന്റെ വളർച്ച വേഗത്തിൽ ആകുന്നു.

തലവേദന, മൈഗ്രൈൻ എന്നിവക്ക് കാരണമാകുന്നു.

ഡിപ്രഷൻ അഥവാ നിരാശയിലേക്ക് നയിക്കുന്നു.

മലബന്ധത്തിനു കാരണമാകുന്നു.

അകാല വാർദ്ധക്യത്തിലേക്ക് നയിക്കുന്നു.

തിമിരം, കണ്ണുകളിലെ കാഴ്ചശക്തി ക്ഷയിക്കൽ എന്നിവയിലേക്കു നയിക്കുന്നു.

അമിത വണ്ണം, പ്രമേഹം എന്നിവക്കു കാരണമാകുന്നു.

കുട്ടികളിൽ നിർജ്ജലീകരണം അഥവാ ഡീഹൈഡ്രേഷൻ മധുര ഉപയോഗം കാരണമാകുന്നു.

ശരീരത്തിൽ കൊളാജന്റ് ഘടനയിൽ മാറ്റം വരുത്തി ത്വക്കിൽ ചുളിവുകൾ രൂപപ്പെടുന്നു.

വെരിക്കോസ് വെയിന്റെ ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നു.

കുട്ടികളിലെ ഹൈപ്പർ ആക്ടിവിറ്റി, വാശിപിടിച്ചുള്ള കരച്ചിൽ, കാര്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനുള്ള കഴിവ് ഇല്ലായ്മ, ഉത്കണ്ഠ എന്നിവക്കു പഞ്ചസാര ഉപയോഗം കാരണമാകുന്നു.

ഹോർമോണുകളുടെ സന്തുലിതാവസ്ഥ നഷ്ടപ്പെടുത്തുന്നു.

മറവി, അൽഷേയ്മേർസ് രോഗം എന്നിവയിലേക്ക് നയിക്കുന്നു.

ആർത്തവ സംബന്ധമായ ശാരീരിക പ്രയാസങ്ങൾ കൂടുന്നു.

ശരീരത്തിലെ അഡ്രിനൽ ഗ്ലാന്റിന്റ പ്രവർത്തനം തകരാറിലാക്കുന്നു .

രോഗ പ്രതിരോധ ശേഷി കുറക്കുന്നു .

പുരുഷന്മാരിൽ ഈസ്ട്രജിന്റെ ഉത്പാദനം കൂട്ടുന്നതിന് കാരണമാകുന്നു .

ANJU THEKKEKARA
CHIEF DIETICIAN THRISSUR



പരമാവധി പഞ്ചസാര, ശർക്കര മധുരപലഹാരങ്ങൾ എന്നിവയുടെ ഉപയോഗം കുറിക്കുക. ആരോഗ്യത്തോടെ ആയിരിക്കുക. ആരോഗ്യമാണ് സമ്പത്ത്

# யாதுமாகி நிற்பவள் பெண்!

"மாதர் தம்மை இழிவு செய்யும்
மடமையைக் கொளுத்துவோம்"
-மகாகவி பாரதியார்

பெண் என்பவள் சக்தியின் அம்சம். உலகின் இயக்கத்திற்கு தேவையான சக்திமை அளிக்கும் சர்வ வல்லமை படைத்தவளாக பெண் இருக்கின்றாள். பெண்கள் உரிமைகள் என்பது. உலகெங்கிலும் உள்ள பெண்கள் மற்றும் சிறுமிகளுக்கான அடிப்படை மணிக உரிமைகள் ஆகும். இது பூமியில் உள்ள ஒவ்வொரு மனிதனுக்கும் சுமார் எழுபது ஆண்டுகளுக்கு முன்பு ஐக்கிய நாடுகள் சபையால் பொறிக்கப்பட்டது.

ஒவ்வொரு நாளும் பல்வேறு விதமான பங்குகளை முயற்சியின்றி ஏற்று வாமும் பெண்கள் எந்த கமுதாயத்திலும் ஏற்றும் சந்தேகமின்றி சமுதாயத்தின் முதுகெலும்பாகவே திகழ்கின்றனர். பெண்களின் அதிகாரம் என்பது சமூகத்தில் பொருளாதார மற்றும் அரசியல் நிலையை மேம்படுத்துவதை நோக்கமாகக் கொண்ட ஒரு முக்கியமான மற்றும் மாற்றத்தக்க கருத்தாகும் தகவல் தொழில்நுட்பம் வளர்ச்சியடைந்துள்ள இன்றைய கால கட்டத்தில் பெண்கள் பல்வேறு துறைகளில் ஆணுக்கு சமமாகவும் ஆண்களை விட அதிகமாகவும் முன்னேறி வருகின்றனர்.

சர்வதோ மகளிர் தினம் கொண்டாப்படும் இந்நேரத்தில் பெண்களின் பெருமையையும் அவர்களின் முன்னேற்றத்தையும் உணர்த்தும் வெறும் வார்த்தை வரிகளால் இல்லாமல் அவளின் சுதந்திரத்திற்கு தடையின்றி இச்சமூகம் துணை நிற்போம்.

**MEGHA JINTO
ANCHERY**



# നിങ്ങൾക്കും സമ്മാനം നേടാൻ അവസരം

നിങ്ങളുടെ സാഹിത്യ അഭിരുചികൾ വികസിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി മലങ്കര ക്രെഡിറ്റ് സൊസൈറ്റി മാസം തോറും പ്രസിദ്ധീകരിക്കുന്ന ഇ മാഗസിൻ അവസരം ഒരുക്കുന്നു.


നിങ്ങളുടെ കലാസൃഷ്ടികൾ 90725 97329 എന്ന നമ്പറിലേക്ക് നിങ്ങളുടെ മുഴുവൻ പേരും ഫോട്ടോയും സ്ഥലവും സഹിതം വാട്സാപ്പ് ചെയ്യൂ

അല്ലെങ്കിൽ media@mmsccs.com ലേക്ക് ഇമെയിൽ ചെയ്യൂ.

മാഗസിനിൽ മാസം തോറും പ്രസിദ്ധീകരിക്കുന്ന മൂന്ന് കലാസൃഷ്ടികൾക്ക് നറുക്കെടുപ്പിലൂടെ സമ്മാനം നൽകുന്നതായിരിക്കും.

**എല്ലാവർക്കും കലാസൃഷ്ടികൾ അയക്കാവുന്നതാണ്.**






## ഇ-മാഗസിൻ ജനുവരി ലക്കത്തിൽ പ്രസിദ്ധീകരിച്ച കൃതികളിൽ നിന്നും നറുക്കെടുപ്പിലൂടെ സമ്മാനർഹരായവർ



LAKSHMI'S GIFT WAS ACCEPTED BY HER BROTHER RASHIN



GIFT WAS ACCEPTED BY VIVIN



**SHIJIL**

## *FEBRUARY*- Liability Products

1st — 20.86 Lakhs



Girija K
ABM Liability

2nd — 20 Lakhs



Suja M S
Sr. Executive - Customer Relations

3rd — 7.50 Lakhs



Sajeesh V
CFC manager